**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1372** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കൊച്ചുവേളിയിൽ ബസ് ഡിപ്പോ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** തിരുവനന്തപുരം കൊച്ചുവേളി നോർത്ത് റെയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർ നേരിടുന്ന ബസ് യാത്രാസൗകര്യത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നോർത്ത് (കൊച്ചുവേളി) റെയിൽവേ സ്റ്റേഷനിൽ എത്തുന്ന യാത്രക്കാർക്ക് കണക്ടിവിറ്റി സർവീസ് ഒരുക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ വിവിധ യൂണിറ്റുകളിൽ നിന്നും ട്രെയിൻ സമയത്തിനനുസൃതമായി സർവീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി ഇത്തരത്തിൽ 45 ട്രിപ്പുകൾ വിവിധ ട്രെയിൻ സമയങ്ങൾക്കനുസൃതമായി ഓപ്പറേറ്റ് ചെയ്തുവരുന്നു.

**(ബി)** റെയിൽവേ സ്റ്റേഷന്റെ നവീകരണം നടന്നു വരികയും കൂടുതൽ ട്രെയിൻ സർവീസുകൾ അവിടെനിന്ന് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കൊച്ചുവേളിയിൽ ഒരു ബസ് ഡിപ്പോ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** തിരുവനന്തപുരം നോർത്ത് (കൊച്ചുവേളി) റെയിൽവേ സ്റ്റേഷന് ഏറ്റവും സമീപത്തായി കണിയാപുരം ഡിപ്പോ നിലവിലുണ്ട്. കൂടാതെ തിരുവനന്തപുരം സിറ്റി പരിധിയിലെ എല്ലാ യൂണിറ്റുകളിൽ നിന്നും തുല്യ ദൂരത്തിലാണ് ടി റെയിൽവേ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാധ്യതാപഠനത്തോടൊപ്പം ആവശ്യമായ പ്രാഥമിക സൗകര്യങ്ങളും കെട്ടിടങ്ങളും സ്ഥലവും സൗജന്യമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റ് മാർഗ്ഗത്തിലോ ലഭ്യമാക്കിയാൽ പോലും കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസം വലിയൊരു തുക ആവർത്തന ചെലവും വരുന്നതാണ്. ടി സാഹചര്യത്തിൽ കൊച്ചുവേളിയിൽ ചെറിയ ദൂരപരിധിക്കുള്ളിൽ പുതുതായി മറ്റൊരു ബസ് ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം നിലവിൽ പ്രായോഗികമായി കരുതുന്നില്ല. എന്നിരുന്നാലും ആവശ്യമായ സ്ഥല സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് സാധ്യത പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**